(എ) ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ 100% വിദ്യാർത്ഥികളേയും വിജയിപ്പിക്കുവാൻ കഴിഞ്ഞ എത്ര സ്കൂളുകളിൽ 9-ാം ക്ലാസ്സിൽ ഡിറ്റെൻഷൻ ഏർപ്പെടുത്തിയിരുന്നു;

(ബി) 9-ാം ക്ലാസ്സിൽ ഡിറ്റെൻഷൻ ഏർപ്പെടുത്തിയതിന്റെ ഫലമായി ഈ സ്കൂളുകളിലെ എത്ര വിദ്യാർത്ഥികൾക്ക് 2002-03 വിദ്യാഭ്യാസ വർഷത്തിൽ എസ്. എസ്. എൽ. സി. ക്ലാസ്സിലേക്ക് ക്ലാസ്സുകയറ്റം കിട്ടാതെ വന്നു;

(സി) വേറെ എത്ര സ്കൂളുകളിൽ 2002-03 വർഷത്തിൽ 9-ാം ക്ലാസ്സിൽ ഡിറ്റെൻഷൻ ഏർപ്പാടുണ്ടായിരുന്നു;

(ഡി) 9-ാം ക്ലാസ്സിൽ ഡിറ്റെൻഷൻ ഏർപ്പെടുത്തിയതിന്റെ ഫലമായി 2002-03 വിദ്യാവർഷ വർഷത്തിൽ എത്ര കുട്ടികളുടെ 10-ാം ക്ലാസ്സിലേക്കുള്ള പ്രൊമോഷൻ തടയപ്പെട്ടു?

ഉത്തരം

(എ—ഡി) എസ്. എസ്. എൽ. സി. പരീക്ഷയിൽ 100% വിജയം നേടുന്നതിനു വേണ്ടി സംസ്ഥാനത്തെ സ്കൂളുകളിലൊന്നും തന്നെ 9-ാം ക്ലാസ്സിൽ ഡിറ്റെൻഷൻ ഏർപ്പെടുത്തിയിട്ടില്ല. 9-ാം ക്ലാസ്സിൽ 80% വിദ്യാർത്ഥികളെങ്കിലും വിജയിക്കണമെന്ന നിർദ്ദേശമാണ് നിലവിലുള്ളത്. എന്നാൽ കുട്ടികളുടെ പഠനത്തിലെ മികവനുസരിച്ച് ഇതിൽ കൂടുതൽ കുട്ടികൾ വിജയിക്കാറുണ്ട്.

ഒന്നാം ക്ലാസ്സിൽ ഡിറ്റെൻഷന് വിധേയരായ കുട്ടികൾ

92 [5752] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ സി. പി. മുഹമ്മദ് :
„ വർക്കല കഹാർ:
„ പി. ടി. തോമസ്: താഴെ കാണുന്ന പ്രാദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്തെ ഹൈസ്ക്കൂളുകളിൽ 9-ാം ക്ലാസ്സിൽ എത്ര കുട്ടികൾ ഡിറ്റെൻഷന് വിധേയരായി;

(ബി) ഇവരിൽ അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവരെത്ര;

(സി) ഈ വർഷം 9-ാം ക്ലാസ്സിൽ തോറ്റവർക്ക് അടുത്ത വർഷം ആ ക്ലാസ്സിൽ പഠിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് എന്തെല്ലാം മാറ്റങ്ങളെ നേരിടേണ്ടതായി വരും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 68979 പേർ.

(ബി) 1082 പേർ.

(സി) 9-ാം ക്ലാസ്സിൽ തോറ്റവർ അടുത്ത വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളാണ് പഠിക്കേണ്ടത്. ഐ. ടി. വിദ്യാഭ്യാസം 9-ാം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും പൊതുവിൽ പഠിക്കേണ്ട വിഷയമാണ്.

എസ്. സി. ഇ. ആർ. ടി.-യുടെ ഗവേണിംഗ് ബോഡി

93 [5753] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി.-യുടെ ഗവേണിംഗ് ബോഡിയിൽ ആരെല്ലാമാണുള്ളത്;

(ബി) ഗവേണിംഗ് ബോഡിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ;

(ഡി) സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ ആരെങ്കിലും അവിടെ പുനർ നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) എത്രപേർ ഡെയ്ലി വേജസായി ജോലി ചെയ്യുന്നുണ്ട്;

(എഫ്) എസ്. സി. ഇ. ആർ. ടി.-യിൽ പി. ആർ. ഒ. ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ:

(ജി) എങ്കിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(എച്ച്) പ്രസ്തുത മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്. സി. ഇ. ആർ. ടി.-യുടെ ഗവേണിംഗ് ബോഡിയിൽ ബഹു വിദ്യാഭ്യാസ വകുപ്പുമന്ത്രി (ചെയർമാൻ), പൊതു വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി (വൈസ് ചെയർമാൻ), എസ്. സി. ഇ. ആർ. ടി. ഡയറക്ടർ (മെമ്പർ സെക്രട്ടറി) എന്നിവരെ കൂടാതെ 12 മെമ്പർമാരും ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly